## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4026 16.03.2017-ൽ മറുപടിക്ക്

### പട്ടികവിഭാഗം സംവരണ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവിഭാഗങ്ങൾക്കായുള്ള അറുന്നൂറിലേറെ ഒഴിവുകൾ യഥാസമയം അറിയിക്കാതെ പൂഴ്ത്തിവെച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | | |
| സി) | വിവിധ വകുപ്പുകളിലെ പട്ടികവിഭാഗം സംവരണ ഒഴിവുകളിലേക്കുള്ള റിക്രൂട്ട്മെൻറ് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.<br>പട്ടികജാതി വികസന വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികജാതി വിഭാഗങ്ങൾക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| ഡി) | സർക്കാർ വകുപ്പുകളിലെ പട്ടികജാതി പട്ടികവർഗ പ്രാതിനിധ്യം ഉറപ്പാക്കാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 06.03.2017-ലെ ഇ1/1060/16 നമ്പർ ഉത്തരവ് പ്രകാരം വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസറായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02.02.2017-ലെ എസ്റ്റാ.എ1-2295/15 ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ